## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4538    21.03.2018 - ൽ മറുപടിയ്ക്ക്**

**ഐ.സി.യു - വിൽ കുഞ്ഞിനെ ഉറുമ്പ് പൊതിഞ്ഞ നിലയിൽ കണ്ടെത്തിയ സംഭവം**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.ടി.തോമസ്** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| (എ) 2018 ഫെബ്രുവരി 11-ാം തീയതി എറണാകുളം മെഡിക്കൽ കോളേജ് ആശുപത്രിയിൽ മാസം തികയാതെ ജനിച്ച കുഞ്ഞിനെ ഐ.സി.യു.വിൽ ഉറുമ്പ് പൊതിഞ്ഞ നിലയിൽ കണ്ടെത്തിയ സംഭവത്തിൽ അന്വേഷണം നടത്തിയോ;<br><br>(ബി) പ്രസ്തുത അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ആയത് വിശദമാക്കുമോ? | (എ) യും (ബി) യും | എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ മാസം തികയാതെ ജനിച്ച കുഞ്ഞിനെ ഐ.സി.യു.വിൽ വച്ച് ഉറുമ്പ് കടിച്ചതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയിൽ എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ പീഡിയാട്രിക്സ് വിഭാഗം പ്രൊഫസറും വകുപ്പ് മേധാവിയുമായ ഡോ.എസ്.സോമശേഖരൻ പിള്ള, ഓർത്തോപീഡിക്സ് വിഭാഗം പ്രൊഫസറും വകുപ്പ് മേധാവിയുമായ ഡോ.ഇ.സി.ബാബുക്കുട്ടി, നഴ്സിംഗ് സൂപ്രണ്ട് ശ്രീമതി.വസുന്ധരാ ദേവി.എസ് എന്നിവർ ഉൾപ്പെട്ട അന്വേഷണ സമിതി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. എൻ.ഐ.സി.യു കൂടുതൽ വൃത്തിയായും അണുവിമുക്തമായും സൂക്ഷിക്കുക, എൻ.ഐ.സി.യുവിലേയ്ക്കുള്ള പ്രവേശനം വളരെ കർശനമാക്കുക, നഴ്സുമാരുടെയും നഴ്സിംഗ് സ്റ്റാഫിന്റെയും എണ്ണത്തിലുള്ള അനുപാതം കൃത്യമായി നിലനിർത്തുക, നവജാത ശിശുവിന്റെ അമ്മയ്ക്കുവേണ്ടി എൻ.ഐ.സി.യു വിന് അടുത്തായി ഒരു മുറി സജ്ജമാക്കുക, ഇരുപത്തിനാല് മണിക്കൂറും സെക്യൂരിറ്റി സ്റ്റാഫിന്റെ സേവനം ലഭ്യമാക്കുക എന്നീ ശിപാർശകളാണ് അന്വേഷണ സമിതി നൽകിയിരുന്നത്. ഇതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ